## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3954 — 26/06/2013 ൽ മറുപടിക്ക്

### സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ ഫാർമസികൾ

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
" പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
" എം. വി. ശ്രേയാംസ് കുമാർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ ഫാർമസികൾ എത്രത്തോളം വിജയകരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ ; | (എ) | സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖാന്തിരം ജനങ്ങൾക്ക് ഏറ്റവും വിലക്കുറവിൽ കാൻസർ, വൃക്കരോഗം , ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള ബ്രാൻഡഡ് മരുന്നുകൾ 93 ശതമാനം വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് സംസ്ഥാനത്തെ ആദ്യ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചത്. പ്രസ്തുത ഫാർമസിയിൽ 8000 ത്തോളം ബ്രാൻഡുകളിലെ മരുന്നുകൾ ലഭ്യമാണ്. ഇവിടത്തെ പ്രതിദിന വില്പന 10 ലക്ഷം രൂപ കവിഞ്ഞു. ഇതു സൂചിപ്പിക്കുന്നത് ജനങ്ങൾക്ക് ഈ പദ്ധതി ഏറെ പ്രയോജനകരമാണ് എന്നതാണ്. |
| (ബി) | പ്രസ്തുത ഫാർമസികളുടെ പ്രവർത്തനം മരുന്ന് വിപണിയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി നിലവിൽ വന്നതോടെ സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ നിന്നും സ്ഥിരമായി മരുന്നു വാങ്ങുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാകുന്നതിനുള്ള സാഹചര്യം സംജാതമായി. |

| | | | |
|---|---|---|---|
| (സി) | കാരുണ്യ ഫാർമസികളുടെ പ്രവർത്തനം നിലവിൽ എത്ര ആശുപത്രികളിൽ ലഭ്യമാണ് ; ആയത് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപ്പ സാമ്പത്തിക വർഷം എത്ര ഫാർമസികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ നൽകുമോ ? | (സി) | നിലവിൽ സംസ്ഥാനത്തെ താഴെപറയുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. മെഡിക്കൽ കോളേജ്, കോട്ടയം<br>4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>6. സി.എച്ച്.സി. കല്ലറ, തിരുവനന്തപുരം<br>7. ജില്ലാ ആശുപത്രി, കണ്ണൂർ<br>8. താലൂക്ക് ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ<br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ജില്ലാ / താലൂക്ക് ആശുപത്രികളിൽക്കൂടി ഈ സാമ്പത്തിക വർഷം തന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ